ഭവന നിർമ്മാണ ബോർഡ് വഴിയുള്ള വായ്പ

252 (600) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ഭവന നിർമ്മാണ ബോർഡ് വഴി വായ്പ എടുത്ത എത്ര പേരുടെ വായ്പകളാണ് എഴുതിത്തള്ളിയത് ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഭവന നിർമ്മാണ ബോർഡ് വഴി വായ്പ എടുത്ത് സാമ്പത്തിക പ്രയാസവും കുടുംബ സാഹചര്യങ്ങളുംമൂലം കുടിശ്ശികയായി ജപ്തി ഭീഷണി നേരിടുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 8-11-2011-ലെ (എംഎസ്.) 34/2011/ഭവനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ദുർബല വരുമാന വിഭാഗങ്ങൾക്കായി ഭവന നിർമ്മാണ ബോർഡുവഴി 1996-ൽ നടപ്പിലാക്കിയ മൈത്രി ഭവന വായ്പ പദ്ധതിയിലെ കുടിശ്ശികക്കാരായി അവശേഷിച്ചിരുന്ന 38384 ഗുണഭോക്താക്കളുടെ കുടിശ്ശിക തുകയായ 137.94 കോടി രൂപ എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്.

കൂടാതെ താഴ്ന്ന/ഇടത്തര/ ഉയർന്ന വരുമാന വിഭാഗങ്ങളിലായി രോഗികളും അശരണരുമായവരുടെ വ്യക്തിഗത വായ്പ ഇനത്തിൽ 58 പേരുടെ വായ്പ കുടിശ്ശിക തുക എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്. അതിൽ 48 പേരുടെ വായ്പ കുടിശ്ശിക പൂർണ്ണമായും എഴുതിത്തള്ളുകളും ബാക്കി 10 പേരുടെ വായ്പാ കുടിശ്ശിക ഭാഗിക മായുമാണ്. (അതായത് മുതൽ മാത്രമായും പലിശ, പിഴപ്പലിശ, മുടക്കപലിശ തുടങ്ങിയവയിൽ കിഴിവ് അനുവദിച്ചുകൊണ്ടും) എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്.

(ബി) 1977 മുതൽ 1997 വരെയുള്ള ബോർഡിന്റെ വിവിധ ദുർബ്ബല വിഭാഗക്കാർക്കായുള്ള വായ്പാ പദ്ധതിപ്രകാരം കുടിശ്ശികക്കാരായ പട്ടികജാതി/പട്ടിക വർഗ്ഗക്കാരുൾപ്പെടെയുള്ള 30400 ഓളം ഗുണഭോക്താക്കളുടെ വായ്പാ ബാദ്ധ്യത 20-5-2009-ലെ (എംഎസ്.) 21/2009/ഭവനം ഉത്തരവുപ്രകാരം എഴുതിത്തള്ളിയിരുന്നു. ഭവന നിർമ്മാണ ബോർഡ് വഴി വായ്പ എടുത്ത് സാമ്പത്തിക പ്രയാസവും കുടുംബ സാഹചര്യങ്ങളുംമൂലം കുടിശ്ശികയായി ജപ്തി ഭീഷണി നേരിടുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കുമാത്രമായി വായ്പാ ബാദ്ധ്യത എഴുതിത്തള്ളുന്നതിനുള്ള ഉത്തരവുകളൊന്നും നിലവിൽ പ്രാബല്യത്തിലില്ല.

LIBRARY ARCHIVES Kerala Legislative Assembly